# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

19.02.2016- - ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2727

## കയർ മേഖലയിലെ വിപണന സാധ്യതകൾ

| ചോദ്യം | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ.എം.പി.വിൻസെൻറ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ | |
| എ) കയർ മേഖലയിൽ പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | എ) കയർ മേഖലയ്ക്ക് ദേശീയവും അന്തർദേശീയവുമായ പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി പുതിയ ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കിയും ദേശീയ അന്തർദേശീയ എക്സിബിഷനുകളിൽ പങ്കെടുത്തും വിപണന സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പുതിയ വിപണന ശാലകൾ ആരംഭിക്കുന്നതിനും ഓൺലൈൻ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനും കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) കയറും കയറുല്പന്നങ്ങളുടേയും ദേശീയ അന്തർദേശീയ വിപണി വർദ്ധിപ്പിക്കുവാനും അതുവഴി കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുവാനും സാഹചര്യമൊരുക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | സി) പദ്ധതിയുടെ നടത്തിപ്പിനായി ആഭ്യന്തര തലത്തിൽ വിവിധയിടങ്ങളിൽ ബയർ സെല്ലർ മീറ്റിംഗുകൾ നടത്തുകയും കയർ കേരള പോലുള്ള മേളകൾ സംഘടിപ്പിക്കുകയും ഒരു വീട്ടിൽ ഒരു കയറുല്പന്നം തുടങ്ങിയ പ്രചാരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. കയർ മേഖലയ്ക്ക് പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിന് ലക്ഷ്യമിട്ട് നടപ്പുവർഷം Online Promotion of Coir sector through Marketing Division of National Coir Research & Management Institute (NCRMI) എന്ന പദ്ധതിക്കായി 48,73,960/- രൂപ NCRMI യ്ക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ